2. ക്യാൻസർ രോഗ നിയന്ത്രണം

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, വളരെ ഗൗരവമായ ഒരു വിഷയമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. നമ്മുടെ സഭ പല ഘട്ടങ്ങളിലും ക്യാൻസർ രോഗത്തെപ്പറ്റി ചർച്ച നടത്തിയിട്ടുണ്ട്. ഇന്ന് നമ്മുടെ കേരളം വളരെ ഗുരുതരമായി നേരിടുന്ന പ്രശ്നങ്ങളിലൊന്നാണ് വൻതോതിൽ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗത്തിന്റെ വ്യാപനം. മുപ്പതു വർഷത്തിനിടയിൽ കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണത്തിൽ ഇരുന്നൂറ്റി അമ്പതു ശതമാനം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ക്യാൻസർ രോഗത്തിനുള്ള ചികിത്സാ സൗകര്യങ്ങൾ വർദ്ധിക്കുന്നുണ്ട്. പക്ഷെ ക്യാൻസർ രോഗത്തിന്റെ വ്യാപനം തടഞ്ഞുനിർത്താൻ നമുക്ക് സാധിക്കുന്നില്ല. ക്യാൻസർ രോഗ ചികിത്സയുമായി ബന്ധപ്പെട്ടുവരുന്ന ടെസ്റ്റുകളുടെയും മരുന്നുകളുടെയും വൻതോതിലുള്ള വിൽപ്പന കേരളത്തിൽ വർദ്ധിച്ചുവരുന്നുണ്ട്. അതുമൂലം അത്തരത്തിലുള്ള വ്യവസായങ്ങൾ കേരളത്തിൽ വർദ്ധിച്ചുവെന്നല്ലാതെ ക്യാൻസർ രോഗത്തെ നിയന്ത്രിക്കുന്നതിനാവശ്യമായ ഒരു നടപടിയും നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മുപ്പത് വർഷം കൊണ്ട് ഇരുന്നൂറ്റി അമ്പതുശതമാനം ക്യാൻസർ രോഗികൾ വർദ്ധിച്ചുവെന്ന് പറഞ്ഞാൽ കേരളം ലോകത്തിലെ തന്നെ ക്യാൻസറിന്റെ തലസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നുവെന്ന ഭീതിജനകമായ സ്ഥിതിയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ക്യാൻസർ രോഗ ചികിത്സയ്ക്കാവശ്യമായ സ്ഥാപനങ്ങൾ വളരെ കുറവാണ്. ദീർഘവീക്ഷണത്തോടുകൂടി 1950-ൽ ആരംഭിച്ച ഒരു സ്ഥാപനമാണ് റീജിയണൽ ക്യാൻസർ സെന്റർ. കൂടാതെ മലബാർ ക്യാൻസർ സെന്ററും പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമെ കോഴിക്കോട്, കോട്ടയം തുടങ്ങിയ അഞ്ച് മെഡിക്കൽ കോളേജുകളിലും ക്യാൻസർ ചികിത്സയ്ക്കവേണ്ട സൗകര്യങ്ങളുണ്ടെങ്കിലും സമഗ്രമായ നിലയിൽ ക്യാൻസർ രോഗം ചികിത്സിക്കാനുള്ള യാതൊരു സൗകര്യങ്ങളും സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. ഇന്ന് കേരളത്തിൽ ക്യാൻസർ ചികിത്സയ്ക്കവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്യുന്നത് പ്രൈവറ്റ് സെക്ടറിലായി മാറിക്കൊണ്ടിരിക്കുകയാണ്. ക്യാൻസർ ചികിത്സാ രംഗത്ത് ഇന്ന് വലിയ തോതിൽ സ്വകാര്യ സംരംഭകരുടെ ഇടപെടലുണ്ടായിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യ ആശുപത്രികൾ ക്യാൻസർ രോഗചികിത്സാ രംഗത്തേക്ക് കടന്നുവരികയാണ്. രോഗം വർദ്ധിക്കുന്നതിനനുസരിച്ച് സ്വകാര്യ സംരംഭകരായിരിക്കുന്ന ആശുപത്രികൾ ചികിത്സാ സൗകര്യം വർദ്ധിപ്പിച്ച് വൻലാഭം ഉണ്ടാക്കുന്നുവെന്നല്ലാതെ ക്യാൻസർ രോഗം നിയന്ത്രിക്കാനാവശ്യമായ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാർ കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ രോഗം വരുന്ന ആളുകളെ സഹായിക്കാൻ ധാരാളം പണം കൊടുക്കുന്നുണ്ട്. പക്ഷെ ക്യാൻസർ ചികിത്സാ രംഗത്ത് ഒരു പഠനം ആവശ്യമാണെന്ന നിലയിൽ ഗവൺമെന്റ് ആലോചിക്കാത്തത് എന്തുകൊണ്ടാണ് ? സംസ്ഥാനാടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായി ഒരു പഠനം നടത്തിയിട്ടില്ല. ആകെ നടത്തിയിട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നത് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയും തിരുവനന്തപുരത്തെ കഴക്കൂട്ടവും കേന്ദ്രീകരിച്ച് നടത്തിയിട്ടുള്ള ജനസംഖ്യാനുപാതികമായ കണക്കാണ്. ഇതല്ലാതെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തി ജനസംഖ്യാനുപാതികമായ കണക്ക് എടുത്തിട്ടില്ല.

എന്തുകൊണ്ടാണ് ക്യാൻസർ രോഗം വരുന്നത് ? ജീവിതശൈലി കൊണ്ടാണോ, വിഷലിപ്തമായ ഭക്ഷണ പദാർത്ഥം മൂലമാണോ അതോ മറ്റേതെങ്കിലും കാരണങ്ങൾ കൊണ്ടാണോ ക്യാൻസർ വ്യാപിക്കുന്നത് എന്നതിനെപ്പറ്റിയുള്ള പഠനങ്ങളോ, ക്യാൻസർ വരാതിരിക്കാനാവശ്യമായ എന്തെങ്കിലും നടപടികളോ സ്വീകരിക്കാൻ കഴിയുന്നില്ല. ഒരു ഉദാഹരണം പറയാം. ആർ.സി.സി.-യുടെ കണക്ക് പ്രകാരം 8,000-9,000 പേരെ മാത്രമാണ് ഒരു വർഷം ചികിത്സിക്കാൻ കഴിയുന്നത്. പക്ഷെ അവരുടെതന്നെ കണക്ക് പ്രകാരം പതിനാറായിരത്തിലധികം രോഗികൾ അവിടെ വരികയും രണ്ടര ലക്ഷം രോഗികളെ ഒരു വർഷം ചികിത്സിക്കുകയുമാണ്. കപ്പാസിറ്റിയെക്കാൾ രണ്ടും മൂന്നും ഇരട്ടി രോഗികളാണ് ക്യാൻസർ ചികിത്സയ്ക്കായി ആർ.സി.സി.-യിൽ മാത്രം വന്നുകൊണ്ടിരിക്കുന്നത്. മലബാർ ക്യാൻസർ സെന്ററിൽ നാലായിരം പേർക്ക് പകരം പന്ത്രണ്ടായിരം പേരെ ചികിത്സിക്കേണ്ട സ്ഥിതിയാണ്. അതുകൊണ്ട് തന്നെ ക്വാളിറ്റി ട്രീറ്റ്മെന്റ് കൊടുക്കാൻ കഴിയുന്നില്ല. മാത്രമല്ല ഇത്തരം സ്ഥാപനങ്ങൾക്കാവശ്യമായ ഗവേഷണ പ്രവർത്തനം നടത്തുന്നതിനുള്ള ഫെസിലിറ്റിയും ഗവൺമെന്റ് പ്രൊവൈഡ് ചെയ്യുന്നില്ല. അവർക്ക് അതിനനുസരിച്ചുള്ള സൗകര്യവുമില്ല. സർക്കാർ മെഡിക്കൽ കോളേജുകളായ തൃശ്ശൂർ മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും ക്യാൻസർ ചികിത്സയുടെ ആധുനിക സംവിധാനമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാൻ തീരുമാനിച്ചെങ്കിലും ടെണ്ടർ നടപടി സ്വീകരിച്ച് രണ്ടു വർഷമായിട്ടും ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അവിടെ ഇപ്പോഴും പഴയ യന്ത്രമുപയോഗിച്ചുള്ള ചികിത്സയാണ് നടക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാൻ കഴിയുന്ന ഒരു കോടി രൂപ വീതം ചെലവഴിച്ച് നിർമ്മിച്ച അഞ്ച് മുറികൾ ഇപ്പോഴും

വെറുതെ കിടക്കുകയാണ്, അവ ഉപയോഗയോഗ്യമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കോഴിക്കോട്, കോട്ടയം, ആലപ്പുഴ തുടങ്ങിയ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ ഉണ്ടെന്നു പറയുമ്പോഴും ഓങ്കോളജി സർജറി ഡിപ്പാർട്ടുമെന്റോ ഓങ്കോളജി മെഡിസിൻ ഡിപ്പാർട്ടുമെന്റോ ഇല്ല. റേഡിയേഷൻ ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ എല്ലാം ചേർത്ത് ഒരു കുടക്കീഴിൽ ഒരുമിച്ച് പ്രവർത്തിക്കാനുള്ള സംവിധാനം നമ്മുടെ മെഡിക്കൽ കോളേജുകളിലില്ല.

കാൻസർ ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളുള്ള ആശുപത്രിയാണ് എറണാകുളം താലൂക്കാശുപത്രി. എന്നാൽ അവിടത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നില്ല. കാൻസർ രോഗികളുടെ എണ്ണത്തിൽ വടക്കൻ മലബാറിലെ അതായത് ആലപ്പുഴ നിന്ന് വടക്കോട്ടുള്ളവരുടെ എണ്ണം 2011-ൽ 14016ആയിരുന്നത് 2012-2013-ൽ അത് 15,000 ആയി വർദ്ധിച്ചു. ഇതിൽ അറുപത് ശതമാനവും ആലപ്പുഴ മുതൽ കാസർഗോഡ് വരെയുള്ള രോഗികളാണ്. ഞാൻ 2006-ൽ തൃശ്ശൂരിൽ നിന്നും ഗുരുവായൂർ ടെയിനിൽ വരുമ്പോൾ ബോഗിയിലുണ്ടാകാറുള്ള കാൻസർ രോഗികളുടെ എണ്ണം ഒന്നോ രണ്ടോ ആയിരുന്നെങ്കിൽ ഇന്ന് ആ ബോഗിയിൽ പതിനഞ്ചും ഇരുപതും പേരാണ് വരുന്നത്. ഒരു പഞ്ചായത്തിലെ തന്നെ ഇരുപതും ഇരുപത്തിയഞ്ചും രോഗികളുള്ള വാർഡുകളുണ്ട്. തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ ഒരു വാർഡിൽ നടത്തിയ കണക്കെടുപ്പിൽ അമ്പത്തിയെട്ട് രോഗികളുണ്ട് എന്ന് കണ്ടെത്തുകയുണ്ടായി. ബഹുമാനപ്പെട്ട തോമസ് ഉണ്ണിയാടന് ഇക്കാര്യം അറിയാവുന്നതാണ്. അങ്ങനെ വരുമ്പോൾ കേരളത്തിലെ ആയിരത്തോളം വരുന്ന പഞ്ചായത്തുകളിൽ ഇത് സംബന്ധിച്ച് ഒരു കണക്കെടുപ്പ് നടത്തിയാൽ ഞെട്ടിപ്പിക്കുന്ന വിവരമാകും നമുക്ക് ലഭിക്കുന്നത്. പലപ്പോഴും ഇവിടെ വരുന്ന കാൻസർ രോഗികളിൽ മൂന്നിൽ ഒരു രോഗി ബ്രസ്റ്റ് കാൻസറുള്ളയാളാണ്. കൂടാതെ വായ്ക്കുള്ളിലുണ്ടാകുന്ന കാൻസറും ഗർഭാശയ കാൻസറും ഉണ്ടാകുന്നുണ്ട്. ബ്രസ്റ്റ് കാൻസറായാലും വായ്ക്കകത്തു വരുന്ന കാൻസറായാലും early stage-ൽ കണ്ടെത്തിക്കഴിഞ്ഞാൽ നൂറ് ശതമാനവും മാറ്റാൻ കഴിയുമെന്നാണ് ഡോക്ടർമാർ പറയുന്നത്. ഡോക്ടർമാർ പറയുന്ന ചികിത്സയ്ക്കാവശ്യമായ സൗകര്യത്തിനുപരിയായി, രോഗം കണ്ടുപിടിക്കുന്നതിനാവശ്യമായ സൗകര്യമൊരുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് എന്തുകൊണ്ട് ആലോചിക്കുന്നില്ല ? നമ്മുടെ സംസ്ഥാനത്തെ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളെയും മറ്റിതര സംഘടനകളെയും പഞ്ചായത്തുകളെയും ഉപയോഗപ്പെടുത്തി ഒരു സർവ്വേ നടത്താൻ നമുക്ക് കഴിയും. പക്ഷെ, ജനസംഖ്യാനുപാതികമായ സർവ്വേ നടത്താൻ പോലും നമുക്ക് കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഈ ഗവൺമെന്റിനെ വിമർശിക്കാൻ വേണ്ടി പറയുകയാണെന്ന് തെറ്റിദ്ധരിക്കരുത്. ജനങ്ങളിൽ വലിയ മതിപ്പുണ്ടാക്കുന്ന ഒരു കാര്യം - കഴിഞ്ഞ മൂന്ന വർഷമായി ക്യാൻസറുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ ഞാനിവിടെ വായിക്കാം. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ടെറിറ്ററി കെയർ സൗകര്യമേർപ്പെടുത്തും എന്നുപറഞ്ഞു. 2014-15-ലെ ബഡ്ജറ്റിൽ മധ്യകേരളത്തിൽ ഒരു ആശുപത്രി സ്ഥാപിക്കുമെന്ന് പറഞ്ഞു. എറണാകുളത്ത് വി. ആർ. കൃഷ്ണയ്യരുടെ ചുമതലയിൽ, ... അന്ന് വലിയ ആവശ്യം ഉന്നയിച്ചതിന്റെ ഫലമായി അവിടെ ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിക്കുകയും തറക്കല്ലിടുകയും ചെയ്തു. 450 കോടിരൂപ മുടക്കി ആശുപത്രി ആരംഭിക്കാൻ തീരുമാനിച്ചുവെങ്കിലും ഇന്നുവരെ ഒരു കാര്യവും നടന്നിട്ടില്ല. എന്നുമാത്രമല്ല, സ്വകാര്യ സംരംഭകരിൽ നിന്ന് 450 കോടി രൂപ സംഭരിച്ചുകൊണ്ട് സ്വകാര്യ സംരംഭകത്വം കൂടി ഉൾപ്പെടുന്ന ഒരാശുപത്രിയാക്കി മാറ്റാൻ ശ്രമിക്കുകയാണ്. അവിടത്തെ ജില്ലാ സഹകരണ ബാങ്ക് ഇതിനായി 450 കോടി രൂപ കടമായി നൽകാമെന്ന് പറഞ്ഞുവെങ്കിലും ആ തീരുമാനത്തെ ഫ്രീസറിൽ കയറ്റിയിരിക്കുകയാണ്. മറ്റൊരു കാര്യം, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ മിനി ആർ.സി.സി.-യാക്കി മാറ്റുമെന്ന് പറഞ്ഞുവെങ്കിലും ഇതുവരെ അതിനുകഴിഞ്ഞിട്ടില്ല. ക്യാൻസർ ബോധവത്കരണ/രോഗനിർണ്ണയ ക്യാമ്പ് എല്ലാ പഞ്ചായത്തുകളിലും സംഘടിപ്പിക്കുമെന്ന് പറഞ്ഞു. എല്ലാ ജില്ലകളിലും 2 വനിതാ ഡോക്ടർമാരുൾപ്പെടെ 5 ഡോക്ടർമാരെയും നഴ്സുമാരെയും പ്രത്യേകമായി പരിശീലനം നൽകി ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗം കണ്ടെത്തി തുടർചികിത്സ ലഭ്യമാക്കുമെന്ന് പറഞ്ഞു. മധ്യകേരളത്തിൽ ക്യാൻസർ ആശുപത്രി സ്ഥാപിക്കുമെന്ന് ആവർത്തിച്ച് പറഞ്ഞു. 450 കോടിരൂപ ചെലവിൽ എറണാകുളത്ത് ആനുറ്റി മോഡലിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുമെന്ന് 2015-16-ലെ ബഡ്ജറ്റിൽ പറഞ്ഞുവെങ്കിലും പ്രാവർത്തികമാക്കപ്പെട്ടിട്ടില്ല. അതിനേക്കാളുപരി റീജിയണൽ ക്യാൻസർ സെന്ററിനെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടാക്കുന്നതിന് 2000 കോടി രൂപ അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റിൽ തീരുമാനമുണ്ടായി. പക്ഷേ അതനുസരിച്ചുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിക്കുന്നില്ല. കേരളത്തിൽ ക്യാൻസർ ചികിത്സയ്ക്കാവശ്യമായ ആധുനിക സൗകര്യങ്ങൾ ജില്ലാ ആശുപത്രികളിലും 5 മെഡിക്കൽ കോളേജുകളിലുമുണ്ടാകണം. ഓങ്കോളജിയുടെ സർജറിയും മെഡിസിനുമടക്കമുള്ള സംവിധാനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരണം. ഗവൺമെന്റ് 2014-15-ൽ പ്രഖ്യാപിച്ചതുപോലെ ഇതിന്റെ വ്യാപനം തടയാനാവശ്യമായ പഠനം നടത്താൻ തയ്യാറാവണം. സ്വകാര്യ സംരംഭകർ ഈ രംഗത്ത് കടന്നുവന്നുകൊണ്ട് വൻ

LIBRARY ARCHIVES Kerala Legislative Assembly

കൊയ്ത്ത് നടത്തുകയാണ്. ആർ.സി.സി.-യിൽ ഒരു രോഗിയെ ചികിത്സിക്കുന്നതിന് 2 ലക്ഷം രൂപ ചെലവ് വരികയാണെങ്കിൽ, ഏതെങ്കിലും ഒരു സ്വകാര്യ ആശുപത്രിയിലാണെങ്കിൽ 25 ലക്ഷം രൂപ കൊടുത്താലും ചികിത്സ നടത്താൻ കഴിയില്ല. ബോൺമാരോ ട്രീറ്റ്മെന്റിനുള്ള സൗകര്യം ഇപ്പോൾ ആർ.സി.സി.-യിലുണ്ട്. അവിടെ 5-10 ലക്ഷം രൂപാ ചെലവിൽ ചികിത്സിക്കാമെന്നിരിക്കെ സ്വകാര്യ ആശുപത്രികളിൽ 50-60 ലക്ഷം രൂപ നൽകേണ്ടി വരും. രോഗം എന്നു പറയുന്നത് കുറ്റമല്ല. ആർക്കെങ്കിലും രോഗം വരുന്നത് കുറ്റമാണോ ? ജനിച്ചുവീണ കുട്ടികൾക്ക് മുതൽ 92 വയസ്സായ ആളുകൾക്കു വരെ ഇന്ന് ക്യാൻസർ രോഗം പിടിപെടുകയാണ്. ഈ രോഗത്തിനു മുമ്പിൽ ആളുകൾ പകച്ചുനിൽക്കുകയാണ്. ക്യാൻസർ രോഗം വന്നാൽ രോഗി മരിക്കും. അവന്റെ ജീവിതവും കുടുംബവും തകരുന്ന സ്ഥിതിയാണ്. അതുകൊണ്ട് ഗവൺമെന്റ് പ്രഖ്യാപിക്കുന്ന കാര്യങ്ങൾ നടത്തുമെന്നുറപ്പാക്കാൻ വേണ്ടി ഈ രോഗം തടയാനാവശ്യമായ സമഗ്രമായ പഠനം നടത്തുന്നതിന് ഒരു കമ്മീഷനെ നിയോഗിക്കണം. ഭരണ-പ്രതിപക്ഷ ഭേദമന്യേ ക്യാൻസർ രോഗികൾക്കുവേണ്ടി പാട്ടുപാടിയതുകൊണ്ടോ അവിടെ സന്ദർശിച്ചതു കൊണ്ടോ കാര്യമില്ല, ക്രിയാത്മകമായി കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് തയ്യാറാണെങ്കിൽ അതിനോട് സഹകരിക്കാൻ ഈ രാജ്യത്തെ ജനങ്ങൾ തയ്യാറാണ്. അതിനുപകരം നമ്മൾ ചെയ്യുന്നത് സ്വകാര്യമേഖലയിലേക്ക് ഏല്പിച്ചു കൊടുക്കുകയാണ്. ഇത്രയും ഗുരുതരമായ, ക്യാൻസറിന്റെ തലസ്ഥാനമായി മാറിയിരിക്കുന്ന കേരളത്തെ സംരക്ഷിക്കാൻ തയ്യാറാകണം.

നമുക്ക് മെട്രോ റെയിൽ വേണം, വിഴിഞ്ഞം ഹാർബർ വേണം, പക്ഷേ ആളുകളുണ്ടായിട്ടുവേണ്ടേ. ക്യാൻസർ രോഗികളല്ലാത്ത ആളുകൾ നമ്മുടെ നാട്ടിൽ വേണ്ടേ. അതുകൊണ്ട് ഗവൺമെന്റ് ഇടപെടേണ്ട കാര്യത്തിൽ ഗുരുതരമായ വീഴ്ചയുണ്ട് എന്ന് ചൂണ്ടിക്കാണിക്കുവാനും അത് പരിഹരിച്ചുകൊണ്ടുപോകുവാനും വേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചിട്ടുള്ളത്. ക്രിയാത്മകമായ മറുപടിയാണ് അങ്ങയിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം വി. എസ്. സുനിൽ കുമാർ സൂചിപ്പിച്ചത് ഏറ്റവും പ്രാധാന്യമുള്ള ഒരു കാര്യമാണ്. നമ്മുടെ സമൂഹത്തിൽ വർത്തമാന കാലഘട്ടത്തിൽ. ക്യാൻസർരോഗം വളരെയധികം വർദ്ധിച്ചു വന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇന്ന് ഈ ശ്രദ്ധ ക്ഷണിക്കൽ ഇവിടെ അവതരിപ്പിച്ചത്. ഗവൺമെന്റ് ഇക്കാര്യത്തിൽ മുന്തിയ പരിഗണന കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ക്യാൻസർ രോഗനിർണ്ണയം, ജനങ്ങളിൽ അവബോധം, ചികിൽസ എന്നീ മേഖലകളിൽ ഏറ്റവും ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത ചില പദ്ധതികൾ ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. മാനവരാശി നേരിടുന്ന ഏറ്റവും മാരകമായ രോഗങ്ങളിലൊന്നാണ് ക്യാൻസർ. ഇതിന്റെ വ്യാപനം വർദ്ധിക്കുന്നതായാണ് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്.

സംസ്ഥാനത്ത് ഒന്നരലക്ഷത്തോളം ക്യാൻസർ രോഗികളുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അമ്പതിനായിരത്തോളം ക്യാൻസർ രോഗികൾ ഓരോ വർഷവും പുതുതായി രജിസ്റ്റർ ചെയ്യുന്നുമുണ്ട്. ഈ സാഹചര്യമെല്ലാം കണക്കിലെടുത്ത് ക്യാൻസർ രോഗത്തെ നേരിടുന്നതിനായി ബോധവൽക്കരണം, മുൻകൂർ രോഗനിർണ്ണയം, ചികിത്സ, സാന്ത്വന ചികിത്സ, പഠന ഗവേഷണങ്ങൾ എന്നീ മേഖലകളിലെല്ലാം സർക്കാർ അതീവ ജാഗ്രത പുലർത്തുന്നുണ്ട്.

ക്യാൻസറിന്റെ വ്യാപനം, പ്രതിരോധം മുതലായ വിഷയങ്ങളിൽ ഇന്ത്യയിലും വിദേശത്തും ധാരാളം ഗവേഷണങ്ങൾ ഇന്ന് നടന്നുവരികയാണ്. ജീവിതശൈലി, ജനിതക കാരണങ്ങൾ, അന്തരീക്ഷ മലിനീകരണം മുതലായവയാണ് ക്യാൻസർ വ്യാപനത്തിന് ആധാരമായി ഗവേഷകർ ചൂണ്ടിക്കാണിക്കുന്നത്. രോഗം വരാതെ പ്രതിരോധിക്കുക, രോഗത്തെ ഫലപ്രദമായി നേരിടുക എന്നീ ദ്വിമുഖ പദ്ധതിയാണ് ക്യാൻസറിനെതിരെ സർക്കാർ നടത്തുന്നത്. സംസ്ഥാനത്ത് ഗുഡ്ക്കയും പാൻമസാലയും നിരോധിച്ചത് ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായിട്ടുണ്ട്. കൂടാതെ, പച്ചക്കറികളിലെ കീടനാശിനികളും, സംസ്കരിച്ച ഭക്ഷണപദാർത്ഥങ്ങളിലെ രാസപദാർത്ഥങ്ങളും ക്യാൻസർ വ്യാപനത്തിന് ഇടയാക്കുന്നതായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് ഫലപ്രദമായി നേരിടുന്നതിനാവശ്യമായ ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

നമ്മുടെ സംസ്ഥാനത്ത് ക്യാൻസറിനെതിരായ സർക്കാർ സംവിധാനം മുമ്പെങ്ങുമുണ്ടാകാത്തവിധം ശക്തമാണ്. ദേശീയ ശ്രദ്ധനേടിയ കേരളത്തിന്റെ സുകൃതം പദ്ധതിയിലൂടെ, ഒട്ടേറെപേർക്ക് സൗജന്യ ക്യാൻസർ ചികിത്സ ലഭ്യമാക്കാൻ കഴിഞ്ഞു. ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലെല്ലാം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിൽ 35 ലക്ഷം കുടുംബങ്ങൾക്ക് ചികിത്സാ

LIBRARY ARCHIVES Kerala Legislative Assembly

സഹായം എത്തിക്കുകയാണ് ലക്ഷ്യം. ആർ.സി.സി.-യിൽ മാത്രം 1266 രോഗികൾക്ക് 2.95 കോടി രൂപയുടെ സൗജന്യ ചികിത്സയാണ് 2014 നവംബറിൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ ലഭ്യമാക്കിയത്.

കുടുംബശ്രീയുടെ സഹകരണത്തോടെ, സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'സ്വാസ്ഥ്യം' എന്ന ബൃഹത്തായ കർമ്മപരിപാടിയുടെ രണ്ടാംഘട്ടവും പുരോഗമിക്കുകയാണ്. 41.5 ലക്ഷം സ്ത്രീകളുടെ പങ്കാളിത്തമുള്ള കുടുംബശ്രീയും തിരുവനന്തപുരം ആർ.സി.സി.-യും ഈ ഘട്ടത്തിൽ സംയുക്തമായാണ് ക്യാൻസർ ബോധവൽക്കരണ-പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിക്കുന്നത്. ക്യാൻസർ രോഗത്തെ തടയുക, രോഗബാധയുണ്ടായാൽ നേരത്തേ കണ്ടുപിടിച്ച് ചികിത്സിക്കുക, രോഗവിമുക്തി നേടാനാവാത്തവർക്ക് സാന്ത്വനചികിത്സയിലൂടെ ശിഷ്ടജീവിതം വേദനാരഹിതമാക്കുക എന്നീ കാര്യങ്ങളിലെല്ലാം കുടുംബശ്രീയുടെ സന്നദ്ധ പ്രവർത്തകർക്ക് അതുല്യമായ സേവനം ലഭ്യമാക്കുവാനാകും.

കഴിഞ്ഞവർഷം, ലോക ക്യാൻസർ ദിനത്തിൽ സംസ്ഥാനത്ത് ആരംഭിച്ച 'കേരള കാമ്പയിൻ എഗൻസ്റ്റ് ക്യാൻസർ' എന്ന ബൃഹത്തായ ക്യാൻസർ ബോധന നിയന്ത്രണ ചികിത്സാ പദ്ധതി വിജയകരമായി പുരോഗമിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ആർ.സി.സി.-യുടെയും, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ ജില്ലകളിലാണ് ഈ പദ്ധതി പുരോഗമിക്കുന്നത്. കേരളത്തിലെ സ്ത്രീകളിൽ കൂടുതലായി കണ്ടു വരുന്നത് ബ്രസ്റ്റ് ക്യാൻസറും ഗർഭാശയ ക്യാൻസറുമാണ്. പുരുഷന്മാരിൽ കൂടുതൽ കാണുന്നത് വായിലെ ക്യാൻസറാണ്. ഇവ തുടക്കത്തിൽ തന്നെ കണ്ടുപിടിച്ചാൽ 90 ശതമാനത്തോളം പൂർണ്ണമായും ചികിത്സിച്ചു മാറ്റാവുന്നതാണ്. അത് ലളിതവും ചെലവുകുറഞ്ഞതുമാണ്. ഇതിനാണ് ഈ ബൃഹത് പദ്ധതി ഊന്നൽ നൽകുന്നത്. ആദ്യഘട്ടത്തിൽ ഏഴ് ലക്ഷം പേർക്ക് സഹായമെത്തിക്കുകയാണ് ലക്ഷ്യം.

സംസ്ഥാനത്തെ മൂന്നിലൊന്നിലേറെ ക്യാൻസർ രോഗികളും വിദഗ്ധ ചികിത്സയ്ക്കെത്തുന്നത് ആർ.സി.സി.-യിലാണ്. അമേരിക്കയിലെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട്, യു.കെ.-യിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, ഫ്രാൻസിലെ ഐ.എ.ആർ.സി. എന്നിവയുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ആർ.സി. സി.-യുടെ ലോകോത്തര നിലവാരത്തിലേക്കുള്ള പ്രയാണം സംസ്ഥാനത്തെ ആരോഗ്യരംഗത്തിന് തികച്ചും ആശ്വാസകരമാണ്. ആർ.സി.സി.-യെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടി ആരംഭിച്ചുകഴിഞ്ഞു. 120 കോടി രൂപയുടെ പദ്ധതിയും ഇതിനായി അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും മിനി ആർ.സി.സി.-കൾ രൂപീകരിക്കുവാൻ ഈ ഗവൺമെന്റ് വന്നതിനുശേഷം തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുക എന്നുള്ളതാണ് മിനി ആർ.സി.സി. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യം. കോഴിക്കോട്, ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചുകഴിഞ്ഞു തിരുവനന്തപുരത്തും തൃശ്ശൂരും ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിനുവേണ്ടി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ഈ രണ്ടു മെഡിക്കൽ കോളേജുകളിലും ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കും. അതിന് കെ.എം.എസ്.സി.എൽ. ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന കാര്യം ഈ അവസരത്തിൽ അറിയിക്കുകയാണ്. ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാമിനുവേണ്ടി ഒരു ജില്ലയിൽ ഒരു ആശുപത്രിയിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആർ.സി.സി.-യിലെ ഡോക്ടർമാരുടെ സഹകരണത്തോടുകൂടി ഒരു ജില്ലയിലെ ഒരു ഡോക്ടർക്കും സ്റ്റാഫ് നഴ്സിനും ഇതിനുവേണ്ട പരിശീലനം കൊടുത്ത് ആ ജില്ലയിലെ ഒരു ആശുപത്രിയിൽ രോഗികൾക്ക് പരിശോധന നടത്തുവാനും കൂടുതൽ രോഗമുള്ള ആളുകളെ ആർ.സി.സി.-യിലേക്കോ കൂടുതൽ ചികിത്സാ സൗകര്യങ്ങളുള്ള മറ്റ് ആശുപത്രിയിലേക്കോ എത്തിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമാണ് ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാം. ഇതിന്റെ ഭാഗമായി ആർ.സി.സി.-യിൽ ചികിത്സ കഴിഞ്ഞ് തുടർ ചികിത്സ ആവശ്യമുള്ളവർക്ക് ജില്ലാ ആശുപത്രിയിൽ പോയി ചികിത്സിക്കുന്നതിന് വേണ്ടിയുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്. 18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ 'ആരോഗ്യകിരണം' പദ്ധതിയിലൂടെ ക്യാൻസർ ചികിത്സ സൗജന്യമായി നൽകുന്നുണ്ട്. അതുപോലെ 'കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ക്യാൻസർ ചികിത്സ സൗജന്യമായി ലഭിക്കുന്നുണ്ട്. മറ്റ് വിവിധ മേഖലകളിൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിലും ക്യാൻസർ ചികിത്സ സൗജന്യമായി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. മധ്യകേരളത്തിൽ ക്യാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചിയിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്ററും ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഞാനും മുഖ്യമന്ത്രിയും നേരിട്ട് പോയി കേന്ദ്രമന്ത്രിയെക്കണ്ട് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും ആരംഭിക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹായം അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും അക്കാര്യം പരിശോധിക്കാമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ആന്ധ്രിറ്റി മോഡലിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. അതുപോലെ മലപ്പുറത്ത് ഇന്റൽ-ന്റെ ആഭിമുഖ്യത്തിൽ ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ബഡ്ജറ്റിൽ 100 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. ഇത് വ്യവസായ വകുപ്പിന്റെ കീഴിലാണ് വരുന്നത്. അതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ക്യാൻസർ വ്യാപനത്തിന്റെ വിവിധ കാരണങ്ങൾ വിലയിരുത്തുന്ന ഗവേഷണങ്ങൾ കാര്യക്ഷമമാക്കുന്നതിനും രോഗപ്രതിരോധ നടപടികൾ ഫലപ്രദമാക്കുന്നതിനും ആവശ്യമായ നടപടികളും ആർ.സി.സി. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതോടൊപ്പം സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം സമൂഹത്തിൽ ഏറ്റവും വലിയ വെല്ലുവിളി ഉയർത്തുന്ന ക്യാൻസർ രോഗവർദ്ധനയുടെ കാരണം കണ്ടെത്തി അതിന്റെ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുവേണ്ടി വിദഗ്ധ സമിതിയെ നിയോഗിക്കണമെന്നാണ് ബഹുമാനപ്പെട്ട വി. എസ്. സുനിൽകുമാർ ആവശ്യപ്പെട്ടത്. തീർച്ചയായും പല വിധത്തിലുള്ള പഠനങ്ങൾ ആർ.സി.സി.യും ആൾ ഇന്ത്യ ബേസ്ഡായിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളും നടത്തുന്നുണ്ട്. എന്നിരുന്നാലും കേരളത്തിലെ ആരോഗ്യമേഖലയിൽ ഏറ്റവും വലിയ വെല്ലുവിളിയായി നിൽക്കുന്ന ക്യാൻസർ രോഗത്തെ പ്രതിരോധിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഇക്കാര്യം പരിശോധിച്ച് പഠനം നടത്തുന്നതിനുംവേണ്ടി വിദഗ്ധ സമിതിയെ സർക്കാർ നിയോഗിക്കുന്നതാണെന്ന കാര്യം കൂടി ഈ അവസരത്തിൽ അറിയിക്കുകയാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, തൃശ്ശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിൽ ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞതാണ്. അത് ഇതുവരെയും സ്ഥാപിക്കാൻ കഴിയാത്തത് ഡിപ്പാർട്ടുമെന്റിന്റെ കെടുകാര്യസ്ഥതയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ യന്ത്രം മാസങ്ങളോളം കേടായതുമൂലം നൂറുകണക്കിന് രോഗികൾ കഷ്ടപ്പെട്ട, ഒരാളും സഹായിക്കാനുണ്ടായില്ല. ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാത്തത് എന്തുകൊണ്ടാണ്? മിനി ആർ.സി.സി.-യെന്നാൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുകയെന്നത് മാത്രമല്ല, സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി എല്ലാം കൂടി ചേർന്ന് ഒരു കൂടക്കീഴിൽ വരേണ്ടതാണ്. ഇപ്പോൾ ജനറൽ സർജറിയിലെ ഡോക്ടർമാരാണ്

ഓങ്കോളജി സർജറി ചെയ്യുന്നത്. ഓങ്കോളജി സർജന്മാരെയും മെഡിക്കൽ ഓങ്കോളജി ഡോക്ടർമാരെയും നിയമിക്കാതെ മിനി ആർ.സി.സി. പ്രവർത്തിപ്പിക്കാൻ സാധ്യമല്ല. അതുകൊണ്ട് അതിനാവശ്യമായ സൗകര്യമാണ് ആദ്യം ഒരുക്കേണ്ടത്. അത്തരമൊരു സൗകര്യമൊരുക്കിയാൽ ആർ.സി.സി. യിലേക്കുള്ള തിരക്ക് കുറയും. രണ്ടാമത്തെ കാര്യം, ആന്യിറ്റി മോഡലിൽ കൊച്ചിയിൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് പറയുന്നതിൽ ശക്തമായ എതിർപ്പുണ്ട്. കാരണം, സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് അങ്ങനെ യൊരു സ്ഥാപനം നടത്തേണ്ട ആവശ്യമില്ല. അവിടെ ജില്ലാ സഹകരണ ബാങ്ക് 450 കോടി രൂപ കടമായി കൊടുക്കാമെന്ന പ്രൊപ്പോസൽ വച്ചിട്ടുണ്ട്. അതുകൊണ്ട് സർക്കാരിന്റെ സംരംഭകത്വമെന്ന നിലയിൽ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാൻ ആവശ്യമായ നടപടിയാണ് സ്വീകരിക്കേണ്ടതെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഗവേഷണത്തിനുവേണ്ടി ഒരു സംഘത്തെ നിയമിക്കുമെന്ന് പറഞ്ഞത് നല്ല കാര്യമാണ്. എന്നാൽ വ്യാപനം തടയുന്നതിനും ചികിത്സയ്ക്കും ആവശ്യമായ കാര്യത്തിൽ തൃശ്ശൂർ, എറണാകുളം ജില്ലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥാപനങ്ങൾ അടിയന്തരമായി സ്ഥാപിക്കണം. ആന്യിറ്റി മോഡലെന്ന് പറയുന്നത് അപ്രായോഗികമായ കാര്യമാണ്, ശക്തമായ എതിർപ്പുള്ള ഒരു കാര്യം സർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കാൻ തയ്യാറാകുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് മെഡിക്കൽ കോളേജുകളെ മിനി ആർ.സി.സി.-കളായി മാറ്റുമെന്ന് പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ ഈ മൂന്ന് മെഡിക്കൽ കോളേജുകളിലും ആവശ്യമായ സജ്ജീകരണങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. കോഴിക്കോട്, ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകളിലും ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിച്ചു ഓരോ ലീനിയർ ആക്സിലറേറ്ററുകൾക്കും 15 കോടി രൂപ ചെലവ് വരുന്നതാണ്. അതിന്റെ പശ്ചാത്തലത്തിൽ തൃശ്ശൂർ, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ഏഴ് കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ബാക്കി തുക അനുവദിക്കാമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ വർഷംതന്നെ ലീനിയർ ആക്സിലറേറ്ററുകൾ സ്ഥാപിക്കുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനടുത്ത് ആർ.സി.സി.-യുള്ളതുകൊണ്ടാണ് ഇതുവരെയും ലീനിയർ ആക്സിലറേറ്ററുടെ കാര്യം ആലോചിക്കാതിരുന്നത്. ആർ.സി.സി.-യിൽ കൂടുതൽ തിരക്ക് അനുഭവപ്പെടുന്നതു കൊണ്ടാണ് അവിടെയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാൻ തീരുമാനിച്ചത്. കൂടുതലായി സർജിക്കൽ ഓങ്കോളജി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് ഈ ഡിപ്പാർട്ടുമെന്റ് ശാക്തീകരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ഓങ്കോളജിസ്റ്റിനെ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുണ്ട്. തിരുവനന്തപുരം ആർ.സി.സി.യിൽ തന്നെ ആവശ്യമായ ഓങ്കോളജിസ്റ്റിനെ നമുക്ക് പലപ്പോഴും ലഭ്യമാകാറില്ല. മിനി ആർ.സി.സി. തുടങ്ങിയിട്ടുള്ള ആശുപത്രികളിൽ അതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുന്നതാണ്. എറണാകുളം ജനറൽ ആശുപത്രിയിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ആനുറ്റി മോഡലിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീർച്ചയായും ഇക്കാര്യങ്ങളിൽ വരുന്ന ബുദ്ധിമുട്ട് എന്നുപറയുന്നത് ഫണ്ടിന്റെ ലഭ്യതക്കുറവാണ്. സഹകരണ ബാങ്കിൽ നിന്ന് ലോൺ ലഭ്യമാക്കുന്ന സാഹചര്യമുണ്ടെങ്കിൽ തീർച്ചയായും അതിനെക്കുറിച്ചുകൂടി ആലോചിക്കാം.

VI സബ്മിഷൻ

1. മയക്കുമരുന്നിന്റെ വിപണനവും ഉപയോഗവും തടയൽ

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗവും വിൽപ്പനയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ശക്തമായ നിയമ ഭേദഗതി കൊണ്ടുവന്ന് പൊതുസമൂഹത്തെ രക്ഷിക്കേണ്ടതിന്റെ ആവശ്യകത യിലേക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. മയക്കുമരുന്ന് മാഫിയകളുടെ ഹബ്ബായി കൊച്ചി മാറിക്കഴിഞ്ഞിരി ക്കുകയാണ്. ഇത് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ ബോധിപ്പിച്ചിട്ടുള്ള കാര്യമാണ്. കഴിഞ്ഞവർഷം ഏകദേശം 550 കേസ്സുകളാണ് കൊച്ചി നഗരത്തിൽ മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരളത്തിൽ മൊത്തത്തിൽ ആയിരക്കണക്കിന് കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരളത്തിലെ നക്ഷത്ര ഹോട്ടലുകൾപോലും ലഹരി മരുന്ന് ഉപയോഗത്തിന്റെ കുത്തരങ്ങായി മാറുകയാണ്. ഇവിടെയെല്ലാം നടക്കുന്ന നിശാപാർട്ടികളിൽ ലഹരിമരുന്നിന്റെ ഉപയോഗം വ്യാപകമായി നടക്കുന്നുവെന്ന് പോലീസ് കണ്ടെത്തിയിട്ടുള്ളതാണ്. കൊക്കെയ്ൻ ഉൾപ്പെടെയുള്ള മയക്കുമരുന്നുകളാണ് ഇവിടെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കോളേജുകളും സ്കൂളുകളും കേന്ദ്രീകരിച്ച് കഞ്ചാവിന്റെ ഉപയോഗം വ്യാപകമായി വർദ്ധിച്ചുകൊണ്ടി രിക്കുകയാണ്. ഇവരെ നിയന്ത്രിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെപോലും ഭീഷണി പ്പെടുത്താനും സ്വാധീനിക്കുവാനും കഴിയുന്ന രീതിയിൽ മയക്കുമരുന്ന് മാഫിയ